പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2629 18.06.2018-ൽ മറുപടിയ്ക്ക്

## കരമന - വെള്ളറട റോഡ് വികസനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കരമന- വെള്ളറട റോഡ് വികസനത്തിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന – വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന്, ഭൂമി ഏറ്റെടുക്കുന്നതിനായി 15.02.2016 ലെ G.O(Rt) No.335/2016/PWD ഉത്തരവ് പ്രകാരം 5054-04-337-80 എന്ന ബഡ്ജറ്റ് ഹെഡിൽ നിന്ന് 21.44 കോടി രൂപ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിന് കരമന മുതൽ വെള്ളറട വരെയുള്ള 35.50 കി.മീ. ദൂരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി കരമന മുതൽ കുണ്ടമൺകടവ് പാലം വരെയുള്ള ആദ്യത്തെ 5.100 കി.മീ. ദൂരം പുതിയ റീ സർവ്വേ പ്രകാരമുള്ള പുതുക്കിയ റിക്വസിഷൻ ഫാറം ജില്ലാ കളക്ടർക്ക് 15.05.2018 ൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന 5.00 കി.മീറ്റർ മുതൽ 35.50 കി.മീ.വരെയുള്ള ഭാഗത്തിന്റെ റിക്വസിഷൻ ഫാറം ജില്ലാ കളക്ടർക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി ഏതൊക്കെ ജംഗ്ഷനുകളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ; ആയതിന്റെ അളവുകൾ വിശദമാക്കാമോ ; | (ബി) കരമന, പൂജപ്പുര, തിരുമല, വലിയവിള, പേയാട്, മലയിൻകീഴ്, കാട്ടാകട, ഒറ്റശേഖരമംഗലം, ചെമ്പൂർ, വെള്ളറട എന്നീ ജംഗ്ഷനുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.<br>കരമന ജംഗ്ഷൻ നിലവിലെ വീതിയിലും, പൂജപ്പുര, തിരുമല, |

മലയിൻകീഴ്, കാട്ടാക്കട എന്നീ ജംഗ്ഷനുകൾ 20.00 മീറ്റർ വീതിയിലും, പേയാട് ജംഗ്ഷൻ 18.00 മീറ്റർ വീതിയിലും, വലിയവിള, ഒറ്റശേഖരമംഗലം, ചെമ്പൂര്, വെള്ളറട എന്നീ ജംഗ്ഷനുകൾ 16.00 മീറ്റർ വീതിയിലുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

**(സി)** ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

**(സി)** ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനു വേണ്ടി ഡയറക്ട് പർച്ചേസ് സമ്പ്രദായത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി റിവൈസ്ഡ് ഡി.പി.ആർ തയ്യാറാക്കി വരുന്നു. നിലവിലെ ഷെഡ്യൂൾഡ് ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് പാക്കേജ് പ്രകാരമുള്ള ലാന്റ് അക്വസിയേഷൻ ശുപാർശകൾ തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ